**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 945** **30-06-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ കർഷകരെയും കൃഷിയിടങ്ങളെയും സംരക്ഷിക്കുന്നതിനായി ഷെഡ്യൂൾ V-ൽ ഉൾപ്പെടുത്തി ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനായി ഈ സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ; വിശദമാക്കുമോ; | (എ) | **ആവശ്യപ്പെട്ടിരുന്നു. ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 01.11.2020 തീയതിയിൽ ഡി2/126/2020/വനം സർക്കാർ കത്ത് നമ്പർ പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം. 8-31/2020-ഡബ്ലിയു.എൽ, തീയതി 10.12.2020-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തു വന്നിരുന്നുവെങ്കിലും, കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും 17.06.2021-ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് ബഹു. വനം വകുപ്പ മന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിന് ശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടി കാട്ടുപന്നിയുടെ** |

| | | | |
|---|---|---|---|
| | | | **ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08.02.2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര സർക്കാരിന്റെ 06.02.2021-ലെ അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളുവാനും ആവശ്യപ്പെട്ടുകൊണ്ട് 08.02.2022-ലെ സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രസർക്കാർ മടക്കി നൽകിയിട്ടുള്ളതാണ്.** |
| (ബി) | പ്രസ്തുത നിയമത്തിലെ സെക്ഷൻ 62 പ്രകാരം ഷെഡ്യൂൾ I-ലും ഷെഡ്യൂൾ II (പാർട്ട് II) -ലും ഉൾപ്പെടാത്ത ഏത് മൃഗത്തെയും ഒരു നിശ്ചിത കാലത്തേക്ക് ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കാമെന്നിരിക്കെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ നിരന്തരമായ അഭ്യർത്ഥനകൾ നിരസിച്ചതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ അപേക്ഷകളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള കേന്ദ്ര സർക്കാരിന്റെ എഫ്.നം. 8-31/2020-ഡബ്ല്യു.എൽ, തീയതി 10.12.2020-ലെ കത്തിലും എഫ്.നം. 8-31/2020-ഡബ്ല്യു.എൽ, തീയതി 07.03.2022-ലെ കത്തിലും അഭ്യർത്ഥനകൾ നിരസിച്ചതിന്റെ കാരണം വ്യക്തമായി പരാമർശിച്ചിട്ടില്ല. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കുവാനും കേന്ദ്ര സർക്കാരിന്റെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അഡ്വൈസറികൾ പിന്തുടരാനും നിർദ്ദേശിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയത്.** |
| (സി) | പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഉത്തരാഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്ക് അവരുടെ അഭ്യർത്ഥന മാനിച്ച് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നോ; | (സി) | പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഉത്തരാഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾക്ക് അവരുടെ അഭ്യർത്ഥന മാനിച്ച് കേന്ദ്രസർക്കാർ ഒരു പ്രത്യേക കാലയളവിൽ പ്രത്യേക പ്രദേശങ്ങളിലേയ്ക്ക് അനുമതി നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചുവെങ്കിലും ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൻറെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കുവാനും കേന്ദ്ര സർക്കാരിന്റെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | അഡ്വൈസറികൾ പിന്തുടരാനും നിർദ്ദേശിച്ചുകൊണ്ടാണ് കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്ര സർക്കാർ മടക്കി നൽകിയത്. പ്രസ്തുത അഡ്വൈസറികളുടെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09.12.2021-ലെ G.O.(Rt.) No .402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>കൂടാതെ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിൻറെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് (നിർദ്ദേശങ്ങൾ സഹിതം) സ.ഉ. (കൈ) നം. 29/22/വനം തീയതി 28.05.2022, സ.ഉ. (സാധാ) നം. 239/22/വനം തീയതി 31.05.2022 എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ